# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2429

12.03.2020-ൽ മറുപടിയ്ക്ക്.

## ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

### ചോദ്യം

**ശ്രീ.ഐ.ബി. സതീഷ്**
**ശ്രീ.എം. രാജഗോപാലൻ**
**ശ്രീ.ജെയിംസ് മാത്യു**
**ശ്രീ.എം. മുകേഷ്**

(എ) സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

### മറുപടി

**ശ്രീ.കെ രാജു**
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിയ്ക്കുന്നതിന് 2019-20 വർഷത്തിൽ 1550/- ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പാൽ സംഭരണ മുറി സ്ഥാപിയ്ക്കുന്നതിന് | 3,75,000/- |
| 2 | ഗോഡൗൺ സ്ഥാപിയ്ക്കുന്നതിനുള്ള സഹായം | 3,75,000/- |
| 3 | AMC യൂണിറ്റ് സ്ഥാപിയ്ക്കുന്നതിനുള്ള സഹായം | 1,10,000/- |
| 4 | ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിയ്ക്കുന്ന തിനുള്ള സഹായം | 5,25,000/- |
| 5 | മിൽക് ട്രാൻസ്പോർട്ടേഷൻ നടത്തുന്നതിനുള്ള സഹായം | 35,000/- |
| 6 | ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി | 35,000/- |
| 7 | ക്ഷീര സംഘങ്ങൾ വഴി പച്ചപ്പുല്ല്/വയ്ക്കോൽ വിതരണം ചെയ്യുന്നതി നുള്ള സഹായം | 1,00,000/- |
| 8 | ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം | 1,20,000/- |
| 9 | ക്ഷീരസംഘങ്ങൾക്ക് FSSA നടപ്പിലാക്കുന്നതിനുള്ള സഹായം | 45,000/- |

| | | |
|---|---|---|
| 10 | പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിയ്ക്കുന്നതിനുള്ള സഹായം | 61,500/- |
| 11 | പ്രവർത്തന രഹിതമായ ക്ഷീരസംഘങ്ങൾ പുനരുദ്ധീകരിയ്ക്കുന്നതിനുള്ള സഹായം | 61,500/- |

ക്ഷീരസഹകരണ സംഘങ്ങൾക്ക് മഴവെള്ള സംഭരണി, സൗരോർജ്ജ സംവിധാനം എന്നിവ സ്ഥാപിക്കുന്നതിന് പ്രത്യേക പദ്ധതികളും ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

(ബി) ക്ഷീരസംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ കൃത്യമായ പരിശോധന നടത്തി കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി) പുതുതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനരഹിതമായ ക്ഷീരസഹകരണസംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം സഹായമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

(സി) പുതുതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീരസംഘങ്ങൾക്കും പ്രവർത്തന രഹിതമായവ പുനരുദ്ധീകരിക്കുന്നതിനും 61,500/- രൂപ ധനസഹായം നൽകുന്നുണ്ട്. കൂടാതെ മിൽക്ക് റൂട്ട് ഇല്ലാത്ത സ്ഥലങ്ങളിൽ പാൽ മിൽമയുടെ മിൽക് റൂട്ടിൽ എത്തിയ്ക്കുന്നതിനായി ഒരു വർഷം പരമാവധി 35,000/- രൂപ മിൽക്ക് ട്രാൻസ്പോർട്ടേഷൻ അസ്സിസ്റ്റൻസ് നൽകുന്നുണ്ട്. പ്രതിദിനം 100 ലിറ്ററിൽ താഴെ മാത്രം പാൽ സംഭരിയ്ക്കുന്ന സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി മാനേജീരിയൽ സബ്സിഡിയായി ഒരു വർഷം പരമാവധി 35,000/ രൂപ നൽകുന്നു.

**സെക്ഷൻ ഓഫീസർ**